(എഫ്) അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അനുബന്ധമായി വയ്ക്കുന്നു.*

(ജി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ചിട്ടുള്ള സബ്ഇൻസ്പെക്ടർ തസ്തികകൾ

141 (3770) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ആകെ സബ്ഇൻസ്പെക്ടർ തസ്തികകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) അവശേഷിക്കുന്നവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

ആലപ്പുഴജില്ലയിലെ എസ്.ഐ., എ.എസ്.ഐ.മാരുടെ ഒഴിവുകളുടെ എണ്ണം

142 (3771) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എസ്.ഐ. എ.എസ്.ഐ. മാരുടെ എത്ര ഒഴിവുകൾ വീതമാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ പ്രമോഷനിലൂടെ നികത്തേണ്ടവ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇടുക്കി, എറണാകുളം ജില്ലകളിൽ ഹെഡ്കോൺസ്റ്റബിൾമാരെ എ.എസ്.ഐ. ആയി പ്രമോഷൻ നൽകിയിട്ടും ആലപ്പുഴജില്ലയിൽ ഉള്ളവർക്ക് ഈ ആനുകൂല്യം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പ്രമോഷൻ എപ്പോൾ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.ഐ. മാരുടെ ഒഴിവുകൾ - 10

എ.എസ്.ഐ. മാരുടെ ഒഴിവുകൾ -11

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly